# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3144 — 20/6/2014 ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയെ സഹായിക്കുന്നതിനുള്ള വിപണി ഇടപെടൽ ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ഡോ. കെ. ടി . ജലീൽ<br>ശ്രീ. കെ. ദാസൻ<br>,, സി. കൃഷ്ണൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കാർഷിക മേഖലയെ സഹായിക്കുന്നതിനായി വിപണി ഇടപെടൽ ഫണ്ട് നിലവിലുണ്ടോ ; | (എ) കാർഷിക മേഖലയിൽ വിളകൾക്ക് വിലസ്ഥിരതയ്ക്ക് വേണ്ടി വിപണി ഇടപെടൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ബി) ഫണ്ടിൽ നിന്നും കർഷകർക്ക് ഇക്കഴിഞ്ഞ വർഷം എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്നറിയിക്കാമോ; | (ബി) വിപണി ഇടപെടൽ പദ്ധതിയുടെ ഫണ്ടിൽ നിന്നും 2013-14 വർഷം നൽകിയിട്ടുള്ള സഹായങ്ങളുടെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു. |

| | | തുക (ലക്ഷം രൂപയിൽ) |
|---|---|---|
| സബ്സിഡി നിരക്കിൽ പഴം-പച്ചക്കറികൾ ഹോർട്ടികോർപ്പ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ വഴി വില്പന നടത്തിയതിന്റെ നഷ്ടം നികത്തുന്നതിനായി ഹോർട്ടികോർപ്പിന് നൽകിയ തുക | : | 500.00 |
| ഓണം - റംസാൻ വിപണനമേളയിലൂടെ പഴം-പച്ചക്കറികൾ സബ്സിഡി നിരക്കിൽ വില്പന നടത്തിയതിന് ഹോർട്ടികോർപ്പിന് നൽകിയ തുക | : | 1000.00 |
| 2012 സീസണിൽ കേരഫെഡും മാർക്കറ്റ്ഫെഡും മുഖേന നടത്തിയ കൊപ്ര സംഭരണ പദ്ധതിയിൽ ക്വിന്റലിന് 500 രൂപ നിരക്കിൽ ഇൻസെന്റീവ് തുക നൽകിയത് | : | 482.78410 |

| | | |
|---|---|---|
| സ്വാഭാവിക റബ്ബർ കയറ്റുമതി 31/3/2002 ന് ശേഷം നടത്തിയതിന് റബ്ബർ മാർക്കിന് നൽകിയ സബ്സിഡി | : | 646.00 |
| റബ്ബർ സംഭരിക്കുന്നതിന് ഏജൻസികൾക്ക് നൽകേണ്ട കൈകാര്യ ചിലവിനത്തിൽ കൃഷിവകുപ്പിന്റെ വിഹിതമായി സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയ തുക | : | 400.00 |
| **ആകെ** | : | **3028.78410 ലക്ഷം രൂപ** |

(സി) ഫണ്ടിന്റെ പ്രവർത്തനത്തിനായി എന്തു തുകയാണ് മാറ്റി വച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കാൻ തയ്യാറാകുമോ?

(സി) ഫണ്ടിന്റെ പ്രവർത്തനത്തിനായി 2014-15 വർഷത്തിലേക്ക് 1000 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രസ്തുത തുക ആവശ്യാനുസരണം സമയോചിതമായി വർദ്ധിപ്പിക്കാറുണ്ട്.

Swapna

**സെക്ഷൻ ഓഫീസർ**